# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 247** — **04/06/2018-ൽ മറുപടിയ്ക്ക്**

### നിപ വൈറസ് രോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് നിപ വൈറസ് രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇത് സ്ഥിരീകരിച്ചിട്ടുള്ളതെന്ന് പറയാമോ; ഈ രോഗം ബാധിച്ച രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | എ) | ഉണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് നിപ വൈറസ് രോഗം സ്ഥിരീകരിച്ചത്. കണക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ബി) | സംസ്ഥാനത്ത് നിപ വൈറസ് രോഗം ബാധിച്ചുള്ള മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രപേർ മരിച്ചിട്ടുണ്ട്; | ബി) | ഉണ്ട്. നിപ വൈറസ് ബാധിച്ച് ജൂൺ 1-ാം തീയതി വരെ 16 പേർ മരിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് ഈ രോഗം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് രോഗം പടരുന്നത്; എന്തൊക്കെയാണ് രോഗലക്ഷണങ്ങൾ; | സി) | പഴംതീനി വവ്വാലുകൾ നിപാ വൈറസിന്റെ പ്രകൃതിദത്തമായ ഉറവിടങ്ങളായി കണക്കാക്കപ്പെടുന്നു. ഇങ്ങനെയുള്ള വവ്വാലുകളുടെ വിസർജ്ജ്യങ്ങളും ശരീരസ്രവങ്ങളും മൂലം മലിനപ്പെട്ട ഭക്ഷണ പാനീയങ്ങളിലൂടെ മനുഷ്യർക്ക് രോഗബാധ വരാൻ സാഹചര്യം ഉണ്ടാകുന്നു. നിപ ബാധയുള്ള മനുഷ്യരുടെ മല മൂത്ര വിസർജ്ജനം, ശരീരസ്രവങ്ങൾ, ചുമയ്ക്കുകയും തുമ്മുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഡ്രോപ്പ് ലെറ്റുകളുമായും അടുത്ത് ഇടപഴകുന്ന വ്യക്തികൾക്കും ആരോഗ്യപ്രവർത്തകർക്കും രോഗം പടർന്ന് കിട്ടാനുള്ള സാധ്യത കൂടുതലാണ്. കഠിനമായ പനി, കഠിനമായ തലവേദന, ജന്നി, ചുമ, ഛർദ്ദി, ക്ഷീണം, തളർച്ച മുതലായവയാണ് പൊതു ലക്ഷണങ്ങൾ. |
| ഡി) | രോഗബാധ തടയാൻ എന്തൊക്കെ പ്രതിരോധ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഡി)യും ഇ)യും | മെയ് 20-ാം തീയതി മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്ക വേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണവാർഡ്, ഐസൊലേഷൻ വാർഡ് എന്നിവ തുറന്നു പ്രവർത്തിയ്ക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽ നിന്നും |
| ഇ) | രോഗം ബാധിച്ചവരെ ശുശ്രൂഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | | |

മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

22.05.2018 ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും, താലൂക്ക് ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണവകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും ചെങ്ങരോത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാദ്ധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുന്നതിനും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. രോഗചികിത്സയ്ക്ക് ആവശ്യമായ

റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപരോഗ ബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും, ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈയ്യുറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. മൃതദേഹങ്ങൾ ബന്ധുക്കളും പൊതുജനങ്ങളുമായി അധികം സമ്പർക്കം വരാത്ത രീതിയിൽ ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ